## കൃഷിയിലൂടെ പരിസ്ഥിതി സംരക്ഷിച്ച്

# കൈരളി അഗ്രികൾച്ചർ മൾട്ടി സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി

കാർഷിക പ്രവർത്തനമാണ് യഥാർത്ഥ പരിസ്ഥിതി പ്രവർത്തനം. ആ നിലയ്ക്ക് കർഷകരാണ് യഥാർത്ഥ പരിസ്ഥിതി പ്രവർത്തകർ. ഇത് തിരിച്ചറിഞ്ഞ് കർഷകരിലൂടെ കാർബൺ ബഹിർഗമനം കുറയ്ക്കാനുള്ള പ്രവർത്തനങ്ങളിൽ മാതൃകാപരമായി മുന്നേറുകയാണ് തൃശ്ശൂർ വാരിയം ലൈൻ കോവിലകം ടവറിൽ പ്രവർത്തിക്കുന്ന കൈരളി അഗ്രികൾച്ചർ മൾട്ടി സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി. ചെയർമാൻ കെ.വി. അശോകന്റെ നേതൃത്വത്തിലാണ് കർഷകരെ ഏകോപിപ്പിച്ചുള്ള കാർഷിക പ്രവർത്തനത്തിലൂടെ ആഗോള താപനം കുറയ്ക്കാനുള്ള പ്രവർത്തനം നടക്കുന്നത്.

ജില്ലാ സഹകരണ ബാങ്കിലും കേരള ബാങ്കിലുമായി മുപ്പത്തിരണ്ട് വർഷം പ്രവർത്തിച്ചതിന്റെ അനുഭവ സമ്പത്താണ് പുതിയ ആശയത്തിന് കൈമുതൽ. ചാവക്കാട് സർക്കിൾ സഹകരണ യൂണിയൻ ഭരണസമിതി അംഗവുമായിരുന്ന അദ്ദേഹം. കേരളത്തിലും തമിഴ്നാട്ടിലും പ്രവർത്തിക്കുന്ന കൈരളി അഗ്രികൾച്ചർ മൾട്ടി സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, ഈ ആശയത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സഹകരണ സ്ഥാപനമാണ്. കേന്ദ്ര സഹകരണ മന്ത്രാലയത്തിനും സെൻട്രൽ രജിസ്ട്രാർക്കും കീഴിലുമാണ് പ്രവർത്തനം.

2020 ജൂലൈ മാസത്തിലാണ് കേരള ബാങ്കിൽ നിന്ന് സീനിയർ എക്സിക്യുട്ടീവ് ഓഫീസറായി വിരമിച്ചത്. 2022 ജൂലൈ മാസത്തിലാണ് കെ.വി. അശോകന്റെ നേതൃത്വത്തിൽ സൊസൈറ്റി പ്രവർത്തനം തുടങ്ങിയത്. ഏങ്ങണ്ടിയൂർ പഞ്ചായത്ത് പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹത്തിന് കർഷകരെ കൂടുതൽ അടുത്തറിയാനും അവരുമായി ഉറ്റ ബന്ധം സ്ഥാപിക്കാനും കഴിഞ്ഞിട്ടുണ്ട്. ഈ അനുഭവ സമ്പത്തിൽ നിന്നും നിരവധി പ്രോജക്ടുകളാണ് സൊസൈറ്റിക്ക് കീഴിൽ നടത്തിവരുന്നത്.



### കാർബൺ ക്രെഡിറ്റ് പദ്ധതി

അന്തരീക്ഷത്തിലേക്ക് കാർബൺ പുറന്തള്ളുന്നതിലൂടെ നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത് ഒഴിവാക്കാൻ പുറന്തള്ളുന്ന കാർബണെ ഭൂമിയിലേക്ക് ആഗിരണം ചെയ്യാൻ സഹായിക്കുന്ന കാർഷിക പദ്ധതികൾ തെരഞ്ഞെടുക്കുകയാണ് വേണ്ടത്. അതിന് പറ്റിയ കൃഷിരീതി തിരഞ്ഞെടുക്കണം. അവ ഏതാണെന്ന് കർഷകരെ ബോദ്ധ്യപ്പെടുത്തി അവർക്ക് അതിനുള്ള സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ ചെയ്തുകൊടുക്കുകയാണ് സൊസൈ റ്റി ചെയ്യുന്നത്. ഇതിന്റെ തുടക്കമെന്ന നിലയിൽ കർഷകരുടെ കൃഷിയിടത്തിലെ അന്തരീക്ഷത്തിലുള്ള കാർബൺ എമിഷന്റെ അളവ് ഉപഗ്രഹ സർവേ വഴി തിട്ടപ്പെടുത്തേണ്ടതുണ്ട്. ഇത് കൈരളി സൊസൈറ്റിയിലേത് ഉൾപ്പെടെ വിദഗ്ധരുടെ സഹായത്തോടെ നിർവഹിക്കും. തുടക്കത്തിലുള്ള ഈ പ്രവർത്തനത്തിന് ശേഷം മണ്ണിന്റെ ഘടനയും മറ്റും പരിശോധിക്കും. തുടർന്ന് അന്തരീക്ഷത്തിലെ കാർബൺ കാർഷിക വിളകളിലൂടെ മണ്ണിലേക്ക് കൂടുതൽ ആഗിരണം ചെയ്യാനുതകുന്ന വിളകൾ തിരഞ്ഞെടുക്കും. കൃഷിയിറക്കാനുള്ള പിന്തുണയും സഹായവും നൽകും.

നിർദ്ദേശിച്ച രീതിയിൽ കൃഷി ചെയ്ത ശേഷമുള്ള കാർബൺ പരിശോധിച്ച് ക്രെഡിറ്റ് യൂണിറ്റ് കണക്കാക്കും. ഒരു യൂണിറ്റ് കാർബൺ ക്രഡിറ്റ് ഉണ്ടാക്കാനായാൽ ആഗോള മൂല്യമനുസരിച്ച് 40 ഡോളർ ലഭിക്കും. വിളയിൽ നിന്നുള്ള ലാഭത്തിന് പുറമെ എത്ര യൂണിറ്റ് കാർബൺ ക്രെഡിറ്റ് ഉണ്ടാക്കാൻ കഴിഞ്ഞുവെന്ന് പരിശോധിക്കും. ഇതു കൂടി കണക്കാക്കുമ്പോൾ രണ്ടു തരത്തിലുള്ള വരുമാനം കർഷകർക്ക് ലഭിക്കും.



### 37 ഓഫീസുകൾ, 25,000 മെമ്പർമാർ

2070ൽ ഇന്ത്യയെ കാർബൺ ന്യൂട്രലാക്കുമെന്നാണ് പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ചിട്ടുള്ളത്. 2050ൽ കേരളത്തെ കാർബൺ ന്യൂട്രലാക്കാനുള്ള ശ്രമമാണ് കേരളത്തിൽ നടക്കുന്നതെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ കാർബൺ ക്രെഡിറ്റ് എന്ന ആശയമാണ് കൈരളി അവതരിപ്പിക്കുന്നത്. കർഷകരിലൂടെ അഞ്ച് ലക്ഷം ഏക്കർ കൃഷിഭൂമി ഇതിനായി സജ്ജമാക്കുകയാണ് ലക്ഷ്യം. ആ ഘട്ടത്തിൽ 2200 കോടിയുടെ ടേൺ ഓവർ പ്രതീക്ഷിക്കുന്നു.

ഈ ലക്ഷ്യം സാദ്ധ്യമെന്ന് തെളിയിക്കും വിധമാണ് ഇപ്പോഴത്തെ സൊസൈറ്റിയുടെ വളർച്ച. നിലവിൽ 37 ഓഫീസുകളും 25,000 മെമ്പർമാരുമുണ്ട്. 12,000 മെമ്പർമാർ കാർബൺ ക്രെഡിറ്റ് പദ്ധതിയി

### പങ്കാളികളാകാൻ അവസരം; മുന്നേറ്റവുമായി പൈലറ്റ് പ്രോജക്റ്റ്

നൂറു രൂപയുടെ ഷെയറുകൾ വാങ്ങി കൈരളിയുടെ പരിസ്ഥിതി സൗഹൃദ പദ്ധതിയിൽ അംഗങ്ങളാകാം. കൂടുതൽ ആളുകളെ കാർബൺ ക്രെഡിറ്റ് കൃഷിയിലേക്ക് കൊണ്ടുവരാനുള്ള പ്രവർത്തനം നടത്താൻ താത്പര്യമുള്ളവർക്ക് ഏജൻസികളായും പ്രവർത്തിക്കാം. കൈരളിയുടെ വിവിധ പ്രോജക്ടുകളിൽ പണം നിക്ഷേപിക്കാനും അവസരമുണ്ട്. പതിമൂന്ന് ശതമാനം വരെ ലാഭവും ഷെയറിന് ഡിവിഡന്റും കിട്ടും. കക്ഷി രാഷ്ട്രീയ ഭേദമില്ലാതെ ആർക്കും കൈരളിയുമായി കൈകോർക്കാൻ അവസരം നൽകുന്ന വിശാല വീക്ഷണമാണ് സൊസൈറ്റിക്കുള്ളത്. താഴെ തട്ടിലുള്ള കർഷകരെ പങ്കെടുപ്പിച്ച് നടത്തുന്ന പദ്ധതിയുടെ ഗുണം അവരിലേക്കുതന്നെ എത്തുന്നു. അതിലൂടെ യു.എൻ പ്രഖ്യാപിച്ചിട്ടുള്ള സസ്റ്റൈനബിൾ ഡവലപ്മെന്റിന്റെ പതിനേഴ് സൂചികകളിൽ പതിനൊന്ന് സൂചികകളും ഉൾക്കൊള്ളുന്നു. കാലാവസ്ഥാ വ്യതിയാനത്തിനും പരിസ്ഥിതി സന്തുലനത്തിനുമുള്ള രാജപാത വെട്ടുകയാണ് ഇതിലൂടെ സൊസൈറ്റി ചെയ്യുന്നത്.

### നാഴികക്കല്ലുകളുടെ വർഷം

2024 ജൂലായ് 25ന് ഔദ്യോഗികമായി ആരംഭിച്ച പൈലറ്റ് സംരഭത്തോടെ പദ്ധതി അതിന്റെ നിർണായക ഘട്ടത്തിലേക്കും പ്രവേശിച്ചു. പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തുകയും കർഷകരിൽ പദ്ധതിയെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി പാലക്കാട് മീനാക്ഷിപുരത്തുള്ള ജൈവ കർഷക അവാർഡ് ജേതാവ് ജെ. ജ്ഞാനശേഖരന്റെ 32 ഏക്കർ സുസ്ഥിര കൃഷിയിടം പരിശീലനകേന്ദ്രങ്ങളിൽ ഒന്നായി തരിഞ്ഞെടുക്കുകയും ചെയ്തു.

2024 ജൂലൈ 25-ാം തീയതി ഈ ട്രെയിനിങ് സെന്ററിൽ വച്ച് പദ്ധതിയിൽ അംഗങ്ങളായ 200 കർഷകർക്ക് ഒരു ദിവസത്തെ പരിശീലനം നൽകി. അങ്ങനെ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു. കൈരളി സൊസൈറ്റി ചെയർമാൻ കെ.വി അശോകൻ, ഡയറക്ടർമാരായ ജെസ്‌ലിൻ ജയിംസ്, നിഷ രാജു, പ്രസാദ്, പ്രോജക്ട് മാനേജർ ദയാനന്ദ് പത്മാലയം, ലോ കാർബൺ സൊല്യൂഷൻസ് സി.ഇ.ഒ ലതീഷ്, കാർബൺ വിപണിയിൽ ആഗോളതലത്തിലെ മുൻനിര കമ്പനികളിലൊന്നായ ക്ലീൻ എർത്ത് യു.എസ്.എയിൽ നിന്നുള്ള ഡോ. ഗണപതി അറുമുഖം, കേരള കൃഷി വകുപ്പിൽനിന്നു വിരമിച്ച ഡപ്യൂട്ടി ഡയറക്ടർ ഒനിൽ കെ.ജെ. എന്നിവർ ഉൾപ്പെടെ പ്രമുഖരുടെ പങ്കാളിത്തത്തോടെയാണ് പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചത്.

Phone : 0487 – 242 6366
Mob : +91 8078900222
Email : admin@kairalimscs.com
Website : www.kairalimscs.com

ൽ അംഗങ്ങളാണ്. ഇപ്പോൾ 25,000 ഏക്കർ ഭൂമി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തെങ്ങ്, കവുങ്ങ്, കാപ്പി, തേയില, മുള, കണ്ടൽ കാട്ടുകൾ എന്നിവ ഉൾപ്പെടെ കാർബൺ ക്രെഡിറ്റ് ഉത്പാദന രീതി നടപ്പാക്കും.

## മൂല്യ വർദ്ധിത, ഹരിത ഉത്പന്നങ്ങൾ

നമ്മുടെ രാജ്യം പദ്ധതിയിടുന്ന 2070 കളോട് കൂടി കാർബൺ നെറ്റ് സീറോ എമിഷൻ എന്ന ലക്ഷ്യത്തിലേക്ക് സുസ്ഥിര വികസനത്തെ പിന്തുണക്കുന്നതിനായി കാർബൺ ക്രെഡിറ്റ് പ്രോജക്റ്റിനോടൊപ്പം പരിസ്ഥിതി സൗഹാർദ്ദവും പ്രകൃതിദത്തവുമായ വൈവിധ്യമാർന്ന ഉത്പന്നങ്ങളായ ഗ്രീൻ പാഡ് (ഹെർബൽ സാനിറ്ററി നാപ്കിൻ), ഇക്കോ ഹാർവെസ്റ്റ് (പ്ലാന്റ് ബേസ്ഡ് ഹോം കെയർ) പ്രോഡക്ട്സ്) വെർജിൻ പ്ലസ്, (നാളികേരത്തിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ) കൂടാതെ രാജ്യത്തെ ആദ്യത്തെ കാർബൺ  ന്യൂട്രൽ ഇക്കോ ഫാം ടൂറിസം തുടങ്ങുന്നതിനായി കോഴിക്കോട് ജില്ലയിലെ വിലങ്ങാട്ട് സ്ഥലം  ഇതിനായി ഏറ്റെടുത്തു.

ജൈവവും പ്രകൃതി ദത്തവുമായ ഭക്ഷ്യ ഉത്പന്നങ്ങൾ സൊസൈറ്റി രാജ്യത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ മുന്നൊരുക്കങ്ങൾ നടന്നുവരുന്നു.

## കൈരളി സൊസൈറ്റിയുടെ പദ്ധതിക്ക് അന്താരാഷ്ട്ര അംഗീകാരം

അടുത്ത 24 മാസത്തിനുള്ളിൽ ഒരു ലക്ഷം ഏക്കർ കൃഷിയിടത്തിലേക്ക് പദ്ധതി വ്യാപിപ്പിക്കുകയാണ് ലക്ഷ്യം. അതിനു മുമ്പ് പൈലറ്റ് പ്രോജക്റ്റ് വിജയകരമായി നടപ്പാക്കും.

കർഷകർക്ക് അധിക സാമ്പത്തിക നേട്ടവും പ്രകൃതി സംരക്ഷണത്തിലൂടെ ആരോഗ്യം സംരക്ഷിച്ച് സമ്പത്ത് നേടിക്കൊടുക്കുകയുമെന്ന ലക്ഷ്യത്തോടെയാണ് സൊസൈറ്റി പ്രവർത്തിക്കുന്നത്. ഈ പദ്ധതിക്ക് അന്താരാഷ്ട്ര അംഗീകാരവുമുണ്ട്. സ്വിറ്റ്സർലാൻഡിലെ ജനീവ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കാർബൺ ക്രെഡിറ്റുകളുടെ ആഗോള സ്ഥിരീകരണ ഏജൻസിയായ ഗോൾഡ് സ്റ്റാൻഡേർഡുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. 2024 സെപ്റ്റംബർ 22 ന് ജനീവയിലെ വേൾഡ് എൻവയൺമെന്റ് ഹൗസിലുള്ള ഗോൾഡ് സ്റ്റാൻഡേർഡിന്റെ ആസ്ഥാനത്ത് സൊസൈറ്റി ചെയർമാൻ കെ.വി. അശോകന്റെ നേതൃത്വത്തിൽ പദ്ധതി പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്തു. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് സഹകരണവും ലഭിച്ചു. അതോടൊപ്പം Lo carbon Solutions ന്റെ പേറ്റന്റ് ഉൽപ്പന്നമായ Micro Algae അടിസ്ഥാനമാക്കിയുള്ള Liquid Tree Project നും സഹകരണം വാഗ്ദാനം ചെയ്തു.

കാർബൺ ക്രെഡിറ്റ് പദ്ധതിയെയും Liquid Tree പദ്ധതിയെയും കുറിച്ച് സ്വിറ്റ്സർലാന്റിലെ എം.പി. Dr. നിക്ക് ഗുഗ്ഗുമായി കൈരളിയുടെ പ്രധിനിധി സംഘം ചർച്ച ചെയ്തു. പ്രൊജക്ടിലേക്ക് എല്ലാവിധ സഹകരണവും വാഗ്ദാനം ചെയ്തു.

ഡേറ്റ ശേഖരണവും അടിസ്ഥാന പഠനവും, നിലവിൽ പദ്ധതിയുടെ പ്രാരംഭ സർവേ നടത്തി വിവര ശേഖരണം നടത്തുകയാണ്. 2025 മാർച്ച് അവസാനത്തോടെ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രത്യേക വിവരങ്ങൾക്കും പ്രാദേശിക ജനസംഖ്യാശാസ്ത്രത്തിനും അനുയോജ്യവും നൂതനവുമായ കാർബൺ കുറയ്ക്കൽ രീതികൾ വികസിപ്പിക്കുന്നതിന് ഇത് അടിത്തറയാകും. ഈ വർഷാവസാനത്തോടെ പ്രോജക്റ്റ് വിജയകരമാകും. തുടർന്ന് കാർബൺ ക്രെഡിറ്റുകൾ ലഭ്യമാകും. സാങ്കേതിക വിദ്യയുടെ സഹായം പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, കർഷകർക്ക് കൂടുതൽ പിന്തുണ നൽകുന്നതിനായി കൈരളി അംഗങ്ങൾക്കായി മൊബൈൽആപ്പ് കൈരളി വികസിപ്പിക്കും. ഈ ആപ്പിലൂടെ കാലാവസ്ഥാ പ്രവചനവും മണ്ണിന്റെ അവസ്ഥയെ കുറിച്ചും വിവിധ ഘടകങ്ങളെകുറിച്ചുള്ള തത്സമയ അപ്ഡേറ്റുകൾ ലഭിക്കും.

ഉചിതമായ തീരുമാനമെടുക്കാൻ ഇത് കർഷകരെ പ്രേരിപ്പിക്കും. കൃഷിയിലേക്കുള്ള കർഷകരുടെ യാത്രയ്ക്ക് സഹായിക്കുന്നതിനൊപ്പം സാങ്കേതിക അപ്ഡേറ്റുകളും സർക്കാർ പദ്ധതികളും സേവനങ്ങളും ഈ ആപ്പിലൂടെ ലഭ്യമാകും.

KAIRALI AGRICULTURE MULTI STATE CO-OPERATIVE SOCIETY LTD

